# സഹകരണ സംഘങ്ങൾക്കുള്ള ധന സഹായങ്ങൾ

- **2026-2027**
- **Revised Budget**



# ധന സഹായത്തിനു അപേക്ഷിക്കുമ്പോൾ ഉണ്ടാകേണ്ട അത്യാവിശ്യ ഉള്ളടക്കങ്ങൾ

- ജോയിന്റ് രജിസ്ട്രാരുടെ ശുപാർശയോടു കൂടിയുള്ള അപേക്ഷയും പ്രവർത്തന റിപോർട്ടും, പ്രൊജെക്ടിനെ കുറിച്ചുള്ള വിവരണവും
- ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്ത പ്രൊജക്റ്റ് റിപ്പോർട്ട്
- ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ അഴിമതി രഹിത കുടിശിക രഹിത സാക്ഷ്യപത്രം
- ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പ്രൊജക്റ്റ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്
- സംഘത്തിൽ മുഴുവൻ സമയ പൈഡ് സെക്രട്ടറി ഉണ്ട് എന്നുള്ള സാക്ഷ്യപത്രം.

- സംഘത്തിൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഉണ്ടായിരിക്കണം
- ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം
- യൂണിറ്റ് ഇൻസ്പെക്ടർ വെരിഫൈ ചെയ്ത കംപോണന്റ് (ഷെയർ, ലോൺ, സബ്സിഡി) തിരിച്ചുള്ള ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള ഭരണ സമിതി തീരുമാനം
- ധന സഹായത്തിൽ വായ്പ ഭാഗം ഉണ്ടെങ്കിൽ ആയതിനു ഈട് വയ്ക്കുന്നതിനു സംഘത്തിനു സ്വന്തമായി ഭൂമി, ഹൈപോതിക്കേഷൻ ചെയ്യാനുള്ള ജംഗമ വസ്തു ഉണ്ടായിരിക്കണം

- പ്രൊപോസൽ ധനസഹായ മാനദണ്ഡത്തിനു (Rule) വിധേയമായിരിക്കണം.
- ഫോം A ( അപേക്ഷ ) ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയിരിക്കണം
- പ്രസിഡന്റ്, സെക്രട്ടറി 2 ഭരണ സമിതി അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ റൂൾ
- എഗ്രിമെന്റ് ജെ ആർ കൂടി സാക്ഷ്യപ്പെടുത്തണം
- അവസാന ഓഡിറ്റ് സർട്ടിഫിക്കറ്റ്
- മുൻ കാലങ്ങളിൽ ധന സഹായം ലഭിച്ചതിന്റെ ലിസ്റ്റ്
- സംഘം നെഗറ്റീവ് നെറ്റ് വര്ത്തിൽ ആകാൻ പാടില്ല ( SC/ST, വനിതാ സംഘങ്ങൾക്ക് ബാധകമല്ല)

# Calculation of Negative Networth

Paid up Share Capital + Reserve Fund - Net Loss = If  amount is greater than 0 , it is positive Net worth  and if it is less than 0,it is Negative Net worth

1. സഹകരണ സംഘം
2. അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്
3. ജോയിന്റ് രജിസ്ട്രാർ ഓഫീസ്
4. രജിസ്ട്രാർ ഓഫീസ്
5. പ്ലാൻ സെക്ഷൻ
6. അസിസ്റ്റന്റ് രജിസ്ട്രാർ പ്ലാൻ സെക്ഷൻ എ & ബി

1. ഡെപ്യൂട്ടി/ജോയിന്റ് രജിസ്ട്രാർ (പ്ലാൻ സെക്ഷൻ)
2. അഡീഷണൽ രജിസ്ട്രാർ (പ്ലാൻ സെക്ഷൻ)
3. രജിസ്ട്രാർ (Proposals up to 20 lakh or those having Rules, passed by RCS)
4. Working Group (Proposals above 20 lakh or those having no Rules)
5. ഭരണാനുമതി
6. റിലീസ് ഓർഡർ

1. Withdrawal Proposal from Society
2. തുക പിൻവലിക്കുന്നതിനുള്ള ഉത്തരവ്
3. അലോട്ട്മെന്റ്
4. Treassury ബിൽ Submission
5. Fund Transferred to Beneficiary's Account
6. വിനിയോഗ സാക്ഷ്യപത്രം as per 23/2025 Circular (with in 6 Months)

## 2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള സഹായം

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 875.00 | 100.17 | 2425-107-80-34-3 | 1210.00 |
| 125.00 | 17.50 | 4425-107-89-34-3 | 200.00 |
| 50.00 | 0.00 | 6425-107-72 | 100.00 |
| 450.00 | 0.00 | 2425-107-66-34-3 | 50.00 |
| **1500.00** | **117.67** | **ആകെ** | **1560.00** |

എ) വിവിധ നിയമങ്ങൾക്ക് കീഴിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, കേരള സഹകരണ വികസന ക്ഷേമ ബോർഡിന്റെ റിസ്ക് ഫണ്ട് സ്കീമിലേയ്ക്കുള്ള സംസ്ഥാന വിഹിതം 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | | ▪ വ്യക്തികളിൽ നിന്നും കുറഞ്ഞത് 1 ലക്ഷം രൂപയുടെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം ഉണ്ടായിരിക്കണം.<br>▪ കുറഞ്ഞത് 4000 അംഗങ്ങൾ ഉണ്ടായിരിക്കണം.<br>▪ മറ്റൊരു പ്രാഥമിക സഹകരണ സംഘവുമായി അതിവ്യാപനം ഉണ്ടാകാൻ പാടില്ല.<br>▪ ബൈലായിൽ സർക്കാർ ഓഹരി വ്യവസ്ഥ ഉണ്ടാകണം.<br>▪ മുൻപ് സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ടി ഓഹരി വിവരം.<br>▪ സംഘത്തിൽ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.<br>▪ സംഘത്തിന്റെ ക്ലാസിഫിക്കേഷൻ A/B/C ആയിരിക്കണം.<br>▪ മുൻ വർഷങ്ങളിലെ കുടിശ്ശിക ശതമാനം 65 ൽ കൂടാൻ പാടില്ല.<br>▪ വാർഷിക വായ്പാ വിതരണം 10 ലക്ഷം രൂപ ഉണ്ടായിരിക്കണം. | 2,00,000/- രൂപ (ഒരു തവണ 100000 രൂപ) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| • **1.** സ്വയം സഹായ ഗ്രൂപ്പുകൾ (SHG) രൂപീകരിച്ചിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള **ഓഹരി** ധനസഹായം | | • സർക്കാർ ഓഹരിയ്ക്കായി അപേക്ഷിച്ചിട്ടുള്ള സ്വയം സഹായ സംഘം പ്രാഥമിക സഹകരണ സംഘത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണം<br>• വ്യക്തികളിൽ നിന്നും കുറഞ്ഞത് ഒരു ലക്ഷം രൂപയുടെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം ഉണ്ടായിരിക്കണം<br>• സർക്കാർ ഓഹരി മൂലധനം സ്വീകരിക്കുന്നതിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം<br>• സംഘത്തിന് മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം<br>• സംഘത്തിന്റെ കുടിശ്ശിക ശതമാനം 65 ൽ കൂടാൻ പാടില്ല<br>• സംഘത്തിൽ നിന്നും മുൻ സാമ്പത്തിക വർഷം 10.00 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ടായിരിക്കണം | 2,00,000/- രൂപ (ഒരു തവണ 100000 രൂപ) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| നെൽകൃഷിയ്ക്കുള്ള വായ്പ കൂടുതൽ നൽകുന്നതിനുള്ള ധനസഹായം | | • സംഘം വിതരണം ചെയ്ത ആകെ കാർഷിക വായ്പ 10 ലക്ഷം രൂപയിൽ കുറയരുത്.<br>• മുൻവർഷം വിതരണം ചെയ്ത ആകെ കാർഷിക വായ്പയുടെ 20% ൽ അധികരിച്ച്, നെൽകൃഷിയ്ക്ക് വായ്പ നൽകിയിരിക്കണം.<br>• തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/അഡ്മിനിസ്ട്രേറ്റർ ഉണ്ടായിരിക്കണം.<br>• മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം.<br>• സംഘം പ്രവർത്തനം അഴിമതി വിമുക്തമായിരിയ്ക്കണം | നെൽ കൃഷിക്ക് നൽകിയ വായ്പയുടെ 5% അല്ലെങ്കിൽ പരമാവധി 25000/- രൂപ |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള പ്രോത്സാഹന ഗ്രാന്റ്.** | | • സ്വന്തം ഫണ്ടുപയോഗിച്ചോ, NABARD/NCDC എന്നിവയിൽ നിന്നുള്ള വായ്പ ഉപയോഗിച്ചോ വാങ്ങിയതാകണം.<br>• സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.<br>• യന്ത്രം വാങ്ങിയതിനും സംഘത്തിന്റെ പേരിൽ രജിസ്ട്രേഷൻ നടത്തിയതിനുമുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. | യന്ത്ര വിലയുടെ 20% അല്ലെങ്കിൽ പരമാവധി 400000/- രൂപ ഏതാണോ കുറവ് |

24. 100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ (പുതിയ പദ്ധതി).

(വിഹിതം - 270.00 ലക്ഷം രൂപ)

| 2025-26 വിഹിതം | 2025-26 ചെലവ് | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| -- | -- | 2425 -00-108-20 | 75.00 |
| -- | -- | 4425-00-108-21 | 45.00 |
| -- | -- | 6425-00-108-99 | 150.00 |
| | | | **270.00** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **1. 100% ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ** | | • പദ്ധതിയുടെ ഭാഗമായി 1000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ സ്വന്തമായുള്ള സഹകരണ സംഘങ്ങൾക്ക് നിർബന്ധിത റൂഫ് ടോപ്പ് സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി വായ്പാ (50%), ഓഹരി (15%), സബ്സിഡി (25%) ഇനങ്ങളിലായി സർക്കാർ ധനസഹായം അനുവദിക്കുന്നതാണ്. കൂടാതെ 10% ഗുണഭോക്തൃ വിഹിതം സംഘം വഹിക്കേണ്ടതുമാണ്.<br>• ഭരണസമിതി തീരുമാനങ്ങൾ, നിയമാവലിയുടെ പകർപ്പ്, ലേറ്റസ്റ്റ് ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അഴിമതി രഹിത കുടിശിക രഹിത സാക്ഷ്യപത്രം<br>• 1000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ സ്വന്തമായുണ്ടായിരിക്കണം<br>• പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം<br>• പോസിറ്റീവ് നെറ്റ് വർത്തിൽ പ്രവർത്തിക്കുന്നതായിരിക്കണം<br>• KSEB യിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം | അനെർട്ട്ൻറെ എസ്റ്റിമേറ്റ് പ്രകാരം |

22. സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള സഹായം.

(വിഹിതം : 400.00 ലക്ഷം രൂപ)

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 120.00 | 3.50 | 2425-108-60-33 | 120.00 |
| 200.00 | 7.00 | 4425-108-50-34-3 | 150.00 |
| 230.00 | 7.00 | 6425-108-28 | 130.00 |
| **550.00** | **17.50** | | **400.00** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **13. സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യ വൽക്കരണത്തിനുമുള്ള ധനസഹായം** | **ജി.ഒ.(എം.എസ്)7/2001/ സഹ. തീയതി 12.01.2001** | • എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ട്.<br>• വൻകിട വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി.<br>• വൻകിട വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതിയുടെ 50% തുക ചുവടെ പരാമർശിക്കുന്ന അനുപാതത്തിൽ നൽകും.<br>• ഓഹരി വാങ്ങുന്നതിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം<br>• സംഘം വയബിൾ ആയിരിക്കണം - വൈവിദ്ധ്യവൽക്കരണത്തിന് പ്രാപ്തമായിരിക്കണം.<br>• സ്വയം പ്രവർത്തനം തൃപ്തികരമായിരിക്കണം. 3 വർഷം സ്ഥിരമായബിസിനസ്സ് ഓപ്പറേഷൻ ഉണ്ടായിരിക്കണം.<br>• സുസ്ഥിര സാമ്പത്തിക സ്ഥിതി ഉണ്ടായിരിക്കണം.<br>• തൊട്ട് മുൻ വർഷത്തെ ബാലൻസ് ഷീറ്റും, തൻവർഷത്തെ താൽക്കാലിക സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യണം.<br>• അഴിമതി രഹിതമായിരിക്കണം.<br>• തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.<br>• അംഗങ്ങൾക്ക് പ്രയോജനകരമായ പ്രോജക്ടുകൾ ആയിരിക്കണം ഏറ്റെടുക്കേണ്ടത്.<br>• സംഘത്തിന് ആസ്തി ആർജ്ജിക്കുന്നതിനുള്ള പ്രോജക്ടുകൾ ആയിരിക്കണം സമർപ്പിക്കേണ്ടത്.<br>• അനുവദിക്കുന്ന അധികാരി - സഹകരണസംഘം രജിസ്ട്രാർ | സബ്സിഡി- 10%<br>ഓഹരി - 20%<br>വായ്പ - 20%<br>സംഘം ഫണ്ട് – 50%<br><br>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ<br><br>വായ്പ - പിൻവലിച്ച തീയതി മുതൽ 3 വർഷം കഴിഞ്ഞ് 10 വാർഷിക തുല്യ തവണകളായി<br><br>ഓഹരി - മൂന്നാം വർഷം മുതൽ 6 തുല്യ തവണകളായി |

**3. ഭവനനിർമ്മാണസഹകരണസംഘങ്ങൾ**
**പ്രാഥമിക ഭവനനിർമ്മാണ സഹകരണസംഘങ്ങൾക്ക് ഓഹരിമൂലധന സഹായം**

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 50.00 | 12.00 | 4216-80-195-99(05) | 50.00 |

## ഭവന നിർമ്മാണ സഹകണ സംഘങ്ങൾ

ഭവന നിർമ്മാണ സഹകണ സംഘങ്ങൾക്ക് 50.00 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ജില്ലകൾക്ക് അലോട്ട്മെന്റ് നൽകി തുക വിനിയോഗിക്കുന്ന പദ്ധതിയാണിത്. മുഴുവൻ **തുകയും അനുവദിക്കുന്നതിനായി ജില്ലകളിൽ നിന്നും ക്ലെയിം ലഭിച്ചിട്ടുണ്ട്.**

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **14. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ ഓഹരി മൂലധന സഹായം** | ജി.ഒ.(എം.എസ്) 1 1/85/എ.ഡി. തീയതി 17.1.1985<br>ജി.ഒ.(എം.എസ്)40 /99/സഹ. തീയതി 26.02.1999 | • ബൈലായിൽ സർക്കാർ ഓഹരിയെടുക്കുന്നതിന് വ്യവസ്ഥയുണ്ടാകണം.<br>• കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിരിക്കണം.<br>• അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ (ഫോറം എ) സമർപ്പിക്കണം.<br>• ഭരണസമിതി തീരുമാനം.<br>• അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:4 ആയി നിലനിർത്തണമെന്നുള്ള തീരുമാനം. | വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപ<br>തിരിച്ചടവ്<br>15 വർഷം കൊണ്ട്<br>10 വാർഷിക തുല്യതവണകളായി<br>തുക പിൻവലിച്ച തീയതിയുടെ ആറാം വാർഷികം മുതൽ |

## 19. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം (CITA)

| 2025-26 വിഹിതം | 2025-26 ചെലവ് ((31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 1440.00 | 7.79 | 2425-107-59 | 400.00 |
| 1260.00 | 23.35 | 4425-107-79 | 100.00 |
| 300.00 | 0 | 6425-107-68 | 500.00 |
| **3000.00** | 31.14 | **ആകെ** | **1000.00** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ വകുപ്പിന്റെ നൂതന പദ്ധതി [Co-operative Initiative in Technology driven Agriculture (CITA)]** | | • വിശദമായ പ്രോജക്ട് റിപ്പോർട്ട്<br>• ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും, ധനസഹായത്തിന് നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ നിബന്ധനകൾ അംഗീകരിച്ചു കൊള്ളാമെന്നും,അപേക്ഷയും അനുബന്ധരേഖകളും ഒപ്പ് വയ്ക്കുന്നതിന് ഭരണസമിതി അംഗങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ളതുമായ ഭരണസമിതി തീരുമാനങ്ങൾ<br>• അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ് ( ജോയിന്റ് രജിസ്ട്രാർ കൗണ്ടർസൈൻ ചെയ്തത്)<br>• ഏറ്റവും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്<br>• മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം<br>• തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം<br>• റൂൾ, എഗ്രിമെന്റ് എന്നിവയുടെ പകർപ്പ് (ജോയിന്റ് രജിസ്ട്രാർ കൗണ്ടർസൈൻ ചെയ്തത്)<br>• വായ്പാ വിഹിതത്തിനുള്ള ഈട് സംബന്ധിച്ച വിവരം<br>• പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും, സർക്കാർ ധനസഹായം സ്വീകരിക്കുന്നതിനും സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം | സബ്സിഡി- 10%<br>ഓഹരി - 30%<br>വായ്പ - 50%<br>സംഘം ഫണ്ട് – 10% |

## ഉപഭോക്തൃസഹകരണസംഘങ്ങൾ

### 5. ഉപഭോക്തൃസഹകരണസംഘങ്ങൾക്കുംനീതിസ്റ്റോറുകൾക്കുംസഹായം

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 28.00 | 6.40 | 2425-108-49-34-3 | 10.00 |
| 52.00 | 17.40 | 4425-108-45-34-3 | 10.00 |
| 30.00 | 9.20 | 6425-108-22 | 10.00 |
| **110.00** | 33.00 | **ആകെ** | **30.00** |

## ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ടി പദ്ധതിക്ക് 30.00 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ജില്ലകൾക്ക് അലോട്ട്മെന്റ് നൽകി തുക വിനിയോഗിക്കുന്ന പദ്ധതിയാണ്. ജില്ലകളിൽ നിന്നും ക്ലെയിം ലഭിക്കുകയും 25.00 ലക്ഷം രൂപ ജില്ലകൾക്ക് നൽകുന്നതിനായി സഹകരണകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ സീലിംഗ് ഉള്ളതിനാൽ ഫിനാൻസ് അലോട്ട്മെന്റ് നിരസിച്ചിരിക്കുകയാണ്.

സബ്സിഡി ശീർഷകത്തിൽ ബാക്കി നിൽക്കുന്ന തുക സ്കൂൾ കോളേജ് സഹകരണ സംഘങ്ങൾക്ക് ഫർണിച്ചർ ഗ്രാന്റ് ആയി നൽകാൻ തീരുമാനിച്ചിരിക്കുകയാണ്.

## 26. സഹകരണ മേഖലയിൽ PCP പൊതു സഹകരണ പങ്കാളിത്തം) മാതൃക യില്ലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം (പുതിയ പദ്ധതി)

(വിഹിതം 100.00 ലക്ഷം രൂപ)

വിഹിതം : 100.00 ലക്ഷം രൂപ)

| 2025-26 വിഹിതം | 2025-26 ചെലവ് | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| -- | -- | 2425 - 00-108-18 | 100.00 |

# NCDC

2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം.

(വിഹിതം : 2810.00 ലക്ഷം രൂപ)

| 2025-26 വിഹിതം | 2025-26 ചെലവ് (31/03/2026 വരെ) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 1124.00 | 529.63 | 4425-108-42-34-3 | 1124.00 |
| 1686.00 | 6295.50 | 6425-108-19 | 1686.00 |
| **2810.00** | **6825.13** | **ആകെ** | **2810.00** |

- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

**Subsidy - 3.44 Crore**
**Share - 1.00 Crore**
**Total - 4.44 Crore**

15. പട്ടികജാതി - പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെവികസനം -
( വിഹിതം 444.00 ലക്ഷം രൂപ.)

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 510.00 | 75.80 | 2425-108-42-34-3 | 344.00 |
| 190.00 | 0 | 4425-108-34-34-3 | 100.00 |
| **700.00** | **75.80** | **ആകെ** | **444**.00 |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **1. സർക്കാർ ഓഹരി മൂലധനം** | സ.ഉ(കൈ) നം.22/ 2015/സഹ തീയതി: 10.02.2015 | • സംഘം നിയമാവലിയിൽ സർക്കാർ ഓഹരി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ടായിരിക്കണം.<br>• വ്യക്തിഗത ഓഹരി തുകയും സർക്കാർ ഓഹരി തുകയും തമ്മിലുള്ള അനുപാതം 1:7.5 ആയിരിക്കേണ്ടതാണ്.<br>• സംഘത്തിൽ ഏറ്റവും കുറഞ്ഞത് 100 അംഗങ്ങളും 10,000/- രൂപ പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം ഉണ്ടായിരിക്കണം | 4,00,000/- രൂപ<br>(പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിയോ, അല്ലെങ്കിൽ 4,00,000/- രൂപയോ ഏതാണോ കുറവ്.)<br>ആറാം വർഷം മുതൽ 10 Instalment ആയി തിരിച്ചടക്കണം<br>പിഴ പലിശ 2.5%<br>തിരിച്ചടച്ചവർക്ക് വീണ്ടും നൽകും |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **2.വികസന വും പുനരുദ്ധാര ണവും** | (i)ജി.ഒ(ആർ.റ്റി)നം . 532/2014/ സഹ തീയതി: 26.09.2014<br><br>(ii)സ.ഉ(കൈ)നം. 43/2018/ സഹ തീയതി: 15.12.2018 | • പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ലാഭ-നഷ്ടം കണക്കിലെടുക്കാതെ സംഘത്തിന്റെ വികസനത്തിനും പുനരുദ്ധാരണ ത്തിനുമായി കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിൽ നൽകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ടി ധനസഹായം അനുവദിക്കുന്നു.<br>• സംഘത്തിന് പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും കുടിശ്ശിക രഹിതവുമായിരിക്കേണ്ടതാണ്.<br>• ടി പദ്ധതി പ്രകാരം അനുവദിക്കുന്ന ഓഹരി അംഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 20 ഇരട്ടിയിലധികരിക്കാൻ പാടില്ല.<br>• ധനസഹായം അനുവദിക്കുന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള 2 വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ് | 20,00,000 /-രൂപ (സബ്സിഡി- 15,00,000 ഓഹരി - 5,00,000) (3:1)<br>ഓഹരി നാലാം വർഷം മുതൽ പത്ത് instalment തിരിച്ചടക്കണം |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **3. സ്പെഷ്യൽ റിവൈവൽ സ്കീം (സ്പെഷ്യൽ പ്രൊജക്റ്റ് ന്റെ അടിസ്താനത്തിൽ)** | സ.ഉ (കൈ)നം. 1/2019/സഹ തീയതി: 13.01.2019 | • പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ലാഭ-നഷ്ടം കണക്കിലെടുക്കാതെ സംഘത്തിന്റെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി കുറഞ്ഞത് 40 പേർക്കെങ്കിലും തൊഴിൽ നൽകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ടി ധനസഹായം അനുവദിക്കുന്നു.<br>• സംഘം അഴിമതി രഹിതവും കുടിശ്ശിക രഹിതവുമായിരിക്കേണ്ടതാണ്.<br>• സംഘത്തിൽ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും<br>• സംഘത്തിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം തൃപ്തികരമായിരിക്കേണ്ടതാണ്.<br>• ധനസഹായം അനുവദിക്കുന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള 3 വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.<br>• **സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കണം**<br>• സംഘത്തിന് ഏറ്റവും കുറഞ്ഞത് 50,000/- രൂപ പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം ഉണ്ടായിരിക്കേണ്ടതും **വായ്പാ കുടിശ്ശിക 40% ശതമാനം അധികരിക്കാൻ പാടില്ലാത്തതുമാണ്.**<br>• ടി പദ്ധതി പ്രകാരം അനുവദിക്കുന്ന ഓഹരി അംഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 20 ഇരട്ടിയിലധികരിക്കാൻ പാടില്ല.<br>• സംഘത്തിൽ ഏറ്റവും കുറഞ്ഞത് 500 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. | 40,00,000/-<br>സബ്സിഡി-30,00,000/-<br>ഓഹരി -10,00,000/-<br>(3:1)<br>ഓഹരി നാലാം വർഷം മുതൽ പത്ത് instalment തിരിച്ചടക്കണം |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **4. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ക്കുള്ള പ്രവർത്തന മൂലധന സഹായം** | സ.ഉ(കൈ) നം.1/2019/സഹ തീയതി: 13.01.2019 | • സംഘത്തിൽ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്.<br>• **ധനസഹായം അനുവദിക്കുന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള രണ്ട് വർഷം സംഘം ലാഭത്തിൽ പ്രവർത്തിക്കേണ്ടതാണ്.**<br>• സംഘത്തിന്റെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി കുറഞ്ഞത് 50 പേർക്കെങ്കിലും തൊഴിൽ നൽകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ടി ധനസഹായം അനുവദിക്കുന്നു.<br>• സംഘം അഴിമതി രഹിതവും കുടിശ്ശിക രഹിതവുമായിരിക്കേണ്ടതാണ്.<br>• സംഘത്തിന് ഏറ്റവും കുറഞ്ഞത് 50,000/- രൂപ പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം ഉണ്ടായിരിക്കണം.<br>• **സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കണം.**<br>• ടി പദ്ധതി പ്രകാരം അനുവദിക്കുന്ന ഓഹരി അംഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 40 ഇരട്ടിയിലധികരിക്കാൻ പാടില്ല.<br>• സംഘത്തിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം തൃപ്തികരമായിരിക്കേണ്ടതാണ്.<br>• ധനസഹായം അനുവദിക്കുന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള 3 വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.<br>• **സംഘത്തിന്റെ വായ്പാ കുടിശ്ശിക 25 ശതമാനത്തിലധികരിക്കാൻ പാടില്ല.**<br>• സംഘത്തിൽ ഏറ്റവും കുറഞ്ഞത് 500 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. | 50,00,000/-രൂപ<br>സബ്സിഡി-30,00,000<br>ഓഹരി -20,00,000<br>(3:2)<br>ഓഹരി നാലാം വർഷം മുതൽ പത്ത് instalment തിരിച്ചടക്കണം |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **5. പുനർജ്ജനി പദ്ധതി** | സ.ഉ(സാധാ) നം.306/2022/ സഹ തീയതി: 04.05.2022 | • സംഘങ്ങളിലെ അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ലക്ഷ്യം.<br>• **ഒരു സംഘത്തിന് ഒരു തവണ മാത്രമായിരിക്കും ധനസഹായം ലഭിക്കുക.**<br>• സംഘം അഴിമതി രഹിതമായിരിക്കണം.<br>• സംഘത്തിൽ തെരഞ്ഞെടുത്ത ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും ഉണ്ടായിരിക്കേണ്ടതാണ്.<br>• അനുവദിക്കുന്ന ധനസഹായം അംഗങ്ങൾ അടച്ച് തീർത്ത ഓഹരിയുടെ 200 ഇരട്ടിയിലധികരിക്കാൻ പാടുള്ളതല്ല.<br>• പദ്ധതി ചെലവിന്റെ 85 %( 35% സർക്കാർ ഓഹരിയും, 50% സബ്സിഡിയും) സർക്കാർ ധനസഹായ മായിരിക്കും. **പ്രോജക്ട് കോസ്റ്റിന്റെ 15% സംഘം സ്വയം ചെലവഴിക്കേണ്ടതുമാണ്.**<br>• **സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലം ഉള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സംഘങ്ങൾ എന്ന ക്രമത്തിലായിരിക്കും ധനസഹായം അനുവദിക്കുന്നതിനുള്ള മുൻഗണന.** | **പ്രോജക്റ്റ് കോസ്റ്റിന്റെ 85%**<br><br>സബ്സിഡി - 50%<br>ഓഹരി - 35%<br><br>ഓഹരി നാലാം വർഷം മുതൽ പത്ത് instalment ആയി തിരിച്ചടക്കണം |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **6. മാനേജീരിയൽ സബ്സിഡി** | (i)ജി.ഒ(എം.എസ്)നം. 32/2014 സഹ തീയതി: 11.02.2014<br><br>(ii)സ.ഉ(കൈ) നം. 43/2018/സഹ തീയതി: 15.12.2018 | • ടി ധനസഹായം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി അനുവദിക്കുന്നു.<br>• **സംഘത്തിൽകഴിഞ്ഞ 3 വർഷം മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും** കുടിശ്ശിക രഹിതവുമായിരിക്കേണ്ടതാണ്.<br>• സംഘത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനം തൃപ്തികരമായിരിക്കേണ്ടതുമാണ്. | 1,20,000/- ആദ്യ 5 വർഷം<br>1,80,000/- അടുത്ത 3 വർഷം **(ലാഭത്തിൽ പ്രവർത്തിക്കുന്നതാണെങ്കിൽ)**<br>(പ്രതിമാസം 10,000/- രൂപ നിരക്കിൽ 5 വർഷം, സംഘം ലാഭകരമാണെങ്കിൽ പ്രതിമാസം 15,000/- രൂപ നിരക്കിൽ അടുത്ത 3 വർഷം. |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| 7. **പ്രവർത്തനമൂലധന ഗ്രാന്റ്** | (i)ജി.ഒ(എം.എസ്)നം.23/2016 സഹ തീയതി: 04.03.2016<br><br>(ii)സ.ഉ (കൈ)നം. 43/2018/സഹ തീയതി: 15.12.2018 | • സംഘത്തിന്റെ ഭരണപരമായ ചെലവുകൾക്കായി ടി ധനസഹായം അനുവദിക്കുന്നു.<br>• **സംഘത്തിന് മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും** കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനം തൃപ്തികരമായിരിക്കേണ്ടതുമാണ്.<br>• ധനസഹായം അനുവദിക്കുന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.<br>• സംഘം അഴിമതി രഹിതവും കുടിശ്ശിക രഹിതവുമായിരിക്കേണ്ടതാണ്. | 5,00,000/- രൂപ (സബ്സിഡി) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **8. കെട്ടിട പുനരുദ്ധാരണ ഗ്രാന്റ്**<br><br>**9. സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും ശില്പശാലകൾ നടത്തുന്നതിനും രജിസ്ട്രാർ അംഗീകരിച്ച ട്രെയിനിംഗ് സ്ഥാപനങ്ങൾക്ക് ഉള്ള reimbursement ധന സഹായം.** | ജി.ഒ(എം.എസ്)നം.36/2014/ സഹ തീയതി: 18.02.2014 | • **31.03.2005 തീയതിയിലോ അതിന് മുൻപോ നിർമ്മിച്ചിട്ടുള്ള സംഘം കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നു.**<br>• സംഘത്തിന്റെ കഴിഞ്ഞ 3 വർഷത്തെ പ്രവർത്തനം തൃപ്തികരമായിരിക്കണം.<br>• സംഘം അഴിമതി രഹിതവും കുടിശ്ശിക രഹിതവുമായിരിക്കണം.<br>• കെട്ടിടത്തിന്റെ വിപുലീകരണത്തിനായി ഗവൺമെന്റ് എഞ്ചിനീയർ അംഗീകരിച്ച പ്ലാൻ ആവശ്യമാണ്. | 5,00,000/- രൂപ (സബ്സിഡി) |

- വനിത സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

**Subsidy- 2.20 Crore**
**Share - 1.00 Crore**
**Total - 3.20 Crore**

16. വനിതസഹകരണസംഘങ്ങൾക്കും വനിതഫെഡിനുമുള്ളസഹായം.
( വിഹിതം 320.00 ലക്ഷം രൂപ.)

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 212.00 | 54.30 | 2425-108-31-34-3 | 220.00 |
| 142.00 | 0.00 | 4425-108-26-34-3 | 100.00 |
| **354.00** | **54.30** | **ആകെ** | **320.00** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **1.** വനിത സഹകരണ സംഘങ്ങൾക്ക് **സർക്കാർ ഓഹരി മൂലധനം** | ജി.ഓ.(എം.എസ്) 328/77/എ.ഡി. തീയതി: 18-11-1977<br>ജി.ഓ.(എം.എസ്) 81/09/എ.ഡി. തീയതി: 1-6-2009<br>ജി.ഓ.(എം.എസ്) 43/18/സഹ തീയതി: 15-12-2018 | • സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങൾ ഉണ്ടായിരിക്കണം.<br>• പിരിഞ്ഞ ഓഹരി മൂലധനം കുറഞ്ഞത് 5,000/- രൂപയെങ്കിലും ഉണ്ടായിരിക്കണം.<br>• സംഘത്തിൽ സർക്കാർ ഓഹരിക്ക് വ്യവസ്ഥ ഉണ്ടാക്കണം.<br>• അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:5 ആയി നിലനിർത്തണം.<br>• ഭരണസമിതിയുടെ ഉറപ്പ്,<br>• അപേക്ഷയോടൊപ്പം താഴെ പറയുന്ന വിവരങ്ങൾ നൽകണം:<br>• ധനസഹായത്തിനുള്ള അപേക്ഷയും, ധനസഹായത്തിനുള്ള തുകയുടെയും നിബന്ധനകളുടെയും വിവരങ്ങളും ആയത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിക്കുന്നുള്ള ഭരണസമിതി തീരുമാനം.<br>• സംഘത്തിലേക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.<br>• അഴിമതി വിമുക്തമാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.<br>• **പ്രോജക്ട് റിപ്പോർട്ട്, ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്,** | സംഘത്തിന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 10 ഇരട്ടി **(പരമാവധി രണ്ട് ലക്ഷം രൂപ)** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **2.** വനിത സഹകരണ സംഘങ്ങൾക്ക് **പുനരുദ്ധാരണം** | സ.ഉ(കൈ) നം. 21/2019/ സഹ തീയതി: 12.06.2019 | • പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം കുറഞ്ഞത് 50,000 ഉണ്ടായിരിക്കണം.<br>• പൂർണ്ണസമയ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം.<br>• സംഘം ബൈലോയിൽ സർക്കാർ ഓഹരി വാങ്ങുന്നതിനുള്ള വ്യവസ്ഥയുണ്ടായിരിക്കണം.<br>• **തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.**<br>• ഓഡിറ്റ് ക്ലാസ്സിഫിക്കേഷൻ **സി** യിൽ കുറയാൻ പാടില്ല<br>• സംഘം അഴിമതി രഹിതമായിരിക്കണം.<br>• ധനസഹായത്തിനുള്ള അപേക്ഷയിൽ ചീഫ് എക്സിക്യൂട്ടീവും, പ്രസിഡന്റും മൂന്ന് ഭരണസമിതി അംഗങ്ങളും ഒപ്പിട്ടിരിക്കണം.<br>• അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം:<br>• ധനസഹായത്തിനുള്ള വ്യവസ്ഥകളും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും പാലിച്ചുകൊള്ളാമെന്നുമുള്ള ധാരണാപത്രം.<br>• സംഘം അഴിമതി രഹിതമാണെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം.<br>• **പ്രൊജക്റ്റ് റിപ്പോർട്ട്, ഏറ്റവും അവസാന വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്**<br>• ധനസഹായത്തിനുള്ള അപേക്ഷ ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കണം. | പരമാവധി 20,00,000 /-രൂപ<br><br>(സബ്സിഡി- 60% ഓഹരി - 40%) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **3.** വനിത സഹകരണ സംഘങ്ങൾക്ക് **പ്രവർത്തനമൂലധന ഗ്രാന്റ്** | ജി.ഓ.(എം.എസ്) 70/97/സഹ. തീയതി: 22-4-97<br>ജി.ഓ.(എം.എസ്) 81/09/സഹ. തീയതി: 1-6-2009<br>ജി.ഓ.(എം.എസ്) 43/18/സഹ തീയതി: 15-12-2018 | • ധനസഹായത്തിനുള്ള അപേക്ഷയും, ധനസഹായത്തിനുള്ള തുകയുടെയും നിബന്ധനകളുടെയും വിവരങ്ങളും ആയത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിക്കുന്നുള്ള ഭരണസമിതി തീരുമാനം.<br>• സംഘത്തിലേക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.<br>• അഴിമതി വിമുക്തമാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.<br>• **പ്രോജക്ട് റിപ്പോർട്ട്.**<br>• ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, താൽക്കാലിക ബാലൻസ് ഷീറ്റ്. | പരമാവധി 5 ലക്ഷം രൂപ |

# പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതി

# (Computarisation)

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **1. PACS ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതി (കമ്പ്യൂട്ടർവൽക്കരണം, സാങ്കേതികവിദ്യ ഉയർത്തൽ, ആധുനിക ഉപകരണങ്ങൾ വാങ്ങൽ)** | (i) സ.ഉ.(കൈ) നം.33/2018/സഹ തീയതി: 23/08/2018<br><br>(ii) സ.ഉ.(കൈ) നം.20/2025/Co-Op തീയതി: 29/09/2025 (ഭേദഗതി) | • സഹകരണ സംഘം രജിസ്ട്രാർ തിരഞ്ഞെടുക്കുന്ന സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹത.<br>• ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ഒരു സംഘത്തിന് ഒരു തവണ മാത്രമേ ലഭിക്കുകയുള്ളൂ.<br>• സംഘത്തിൽ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറിയും/ചീഫ് എക്സിക്യൂട്ടീവും തെരഞ്ഞെടുത്ത ഭരണസമിതിയും ഉണ്ടായിരിക്കണം.<br>• സംഘം അഴിമതിരഹിതവും കുടിശ്ശികരഹിതവുമാണെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തണം.<br>• ധനസഹായത്തിനുള്ള അനുപാതം വായ്പ, ഓഹരി, സബ്സിഡി ക്രമത്തിൽ 2:1:1 ആയിരിക്കും (സ.ഉ.(കൈ) നം.20/2025 പ്രകാരമുള്ള ഭേദഗതി).<br>• പ്രോജക്ട് കോസ്റ്റിന്റെ 10% തുക സംഘം സ്വന്തമായി സ്വരൂപിക്കേണ്ടതാണ്. | പ്രാഥമിക സംഘങ്ങൾക്ക്: 3,00,000/- രൂപ വരെ (അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ്) 150000:75000:75000<br><br>അപെക്സ് / ഫെഡറൽ സംഘങ്ങൾക്ക്: 10,00,000/- രൂപ വരെ (അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ്) |

# മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള വിവിധ സ്കീമുകൾ

14. മറ്റു സഹകരണസംഘങ്ങൾ/പദ്ധതികൾ.

മറ്റു സഹകരണസംഘങ്ങൾക്കുള്ള ധനസഹായം. വിഹിതം – (1450.00 ലക്ഷം രൂപ.)

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 1506.00 | 44.08 | 2425-108-67-34-3 | 1000.00 |
| 444.00 | 79.00 | 4425-108-68-34-3 | 300.00 |
| 222.00 | 0 | 6425-108-11 | 150.00 |
| **2172.00** | **123.08** | **ആകെ** | **1450.00** |

# മോട്ടോർ ട്രാൻസ്‌പോർട്ട് സഹകരണ സംഘങ്ങൾ

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **1. ഓട്ടോറിക്ഷാ ഡ്രൈവേഴ്സ്/ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ (ഓഹരി ധന സഹായം )** | ജി.ഒ (എം.എസ്) 86/74/എ.ഡി തീയതി 22.03.1974 ജി.ഒ (എം.എസ്) 76/81/എ.ഡി തീയതി 11.03.1981 | • അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുമായവർക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം.<br>• ഏറ്റവും കുറഞ്ഞത് 25 എ. ക്ലാസ്സ് അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 2500/- രൂപയും ഉണ്ടായിരിക്കണം.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | ഓഹരി മൂലധനത്തിൻറെ 3 ഇരട്ടി (**പരമാവധി 3 ലക്ഷം രൂപ**)<br><br>(അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരി മൂലധനം 1:3 അനുപാതത്തിൽ) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **2. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ (ഓഹരി മൂലധന സഹായം)** | ജി.ഒ (എം.എസ്) നമ്പർ 331/76/എ.ഡി തീയതി 30.09.1978<br>ജി.ഒ (എം.എസ്) നമ്പർ 306/81/എ.ഡി തീയതി 29.08.1981<br>ജി.ഒ (എം.എസ്) നമ്പർ 133/08/സഹ തീയതി 10.06.2008<br>ജി.ഒ (എം.എസ്) നമ്പർ 43/18/സഹ തീയതി 15.12.2018 | • ഓട്ടോമൊബൈൽ വ്യവസായം, ട്രാൻസ്പോർട്ട് സർവ്വീസിൽ പരിചയമുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം.<br>• കുറഞ്ഞത് 50 അംഗങ്ങളും അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത ഓഹരി മൂലധനമായി 30000/- രൂപയും ഉണ്ടായിരിക്കണം.<br>• സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.<br>• അഴിമതി രഹിതവും രഹിതവുമായിരിക്കണം. സർക്കാരിലേയ്ക്ക് കുടിശ്ശിക<br>• ട്രാൻസ്പോർട്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർജിൻ മണിയായി മാത്രമേ ധനസഹായം ഉപയോഗിക്കാവൂ.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി **(പരമാവധി 20 ലക്ഷം രൂപ വരെ)**<br><br>(അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി മൂലധനം 1:1 അനുപാതത്തിൽ) |

| **പദ്ധതി** | **സർക്കാർ ഉത്തരവ്** | **മാനദണ്ഡങ്ങൾ** | **ആകെ അനുവദിക്കുന്ന തുക** |
|---|---|---|---|
| **3. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ആട്ടോറിക്ഷാ സഹകരണ സംഘങ്ങൾ (സ്പെയർ പാർട്ട്സ് ഷോപ്പ്/വർക്ക് ഷോപ്പ് തുടങ്ങുന്നതിനുള്ള അധിക ഓഹരി മൂലധനം)** | ജി.ഒ (എം.എസ്) നമ്പർ 3124/79/എ.ഡി തീയതി 21.03.1979<br>ജി.ഒ (എം.എസ്) നമ്പർ 221/82/എ.ഡി തീയതി 15.07.1982<br>ജി.ഒ (എം.എസ്) നമ്പർ 31/99/സഹ തീയതി 18.02.1999 | • 25 എ ക്ലാസ് അംഗങ്ങൾ ഉണ്ടായിരിക്കണം. (ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം)<br>• മിനിമം പിരിഞ്ഞുകിട്ടിയ ഓഹരി 7500/- രൂപ ഉണ്ടായിരിക്കണം<br>• സർക്കാർ പങ്കാളിത്തത്തിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | തുക - എ ക്ലാസ് ബി ക്ലാസ് അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി തുകയുടെ 10 ഇരട്ടി, അധിക ഓഹരിയായി നൽകും. **(പരമാവധി 100000/- രൂപ)**<br>വർക്ക് ഷോപ്പ് : 75000/- രൂപ<br>സ്പെയർ പാർട്ട്സ് : 25000/- |

# വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **4. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ-(ഓഹരി)** | ജി.ഒ (എം.എസ്) നമ്പർ 16/85/എ.ഡി തീയതി 24.03.1982<br>ജി.ഒ (എം.എസ്) നമ്പർ 49/16/എ.ഡി തീയതി 16.12.2016 | • പിരിച്ചെടുത്ത ഓഹരി മൂലധനം കുറഞ്ഞത് 15000/- രൂപ<br>• സർക്കാരിന് പുറമേ ടീച്ചിംഗ് പ്രൊഫഷനായി സ്വീകരിച്ചിട്ടുള്ള ഗ്രാജുവേറ്റ്/പോസ്റ്റ് ഗ്രാജുവേറ്റുകൾക്ക് മാത്രമേ അംഗത്വം നൽകാവൂ.<br>• സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.<br>• സംഘം അഴിമതി രഹിതവും/കുടിശ്ശിക രഹിതവുമായിരിക്കണം.<br>• അനുവദിക്കുന്ന അധികാരി: വർക്കിംഗ് ഗ്രൂപ്പ് | ഓഹരി മൂലധനം- **25 ലക്ഷം രൂപ വരെ** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **5. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ- മാനേജീരിയൽ സബ്സിഡി.** | ജി.ഒ (എം.എസ്) നമ്പർ 16/85/എ.ഡി തീയതി 24.03.1982<br>ജി.ഒ (എം.എസ്) നമ്പർ 49/16/എ.ഡി തീയതി 16.12.2016 | • തുടർച്ചയായ വർഷങ്ങളിലേക്കാണ് മാനേജീരിയൽ സബ്സിഡി നൽകുന്നത്.<br>• **നോൺ ടീച്ചിംഗ് സ്റ്റാഫിൻറെ നിയമനം ജോയിൻറ് രജിസ്ട്രാർമാർ അംഗീകരിച്ചതായിരിക്കണം.**<br>• സ്ഥലം, കെട്ടിടം, ലാബ് ഉപകരണങ്ങൾ, ലൈബ്രറി ഫർണ്ണിച്ചർ എന്നീ മൂലധന ചെലവുകൾക്കായി ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എടുത്തിട്ടുള്ള സംഘങ്ങൾക്കാണ് ധനസഹായങ്ങൾ നൽകുന്നത്.<br>• ബാങ്ക് ഈടാക്കിയ പലിശ അല്ലെങ്കിൽ 3000/- രൂപ ഇതിലേതാണോ കുറവ് ടി തുകയായിരിക്കും ഓരോ വർഷവും അനുവദിക്കുന്ന ധനസഹായം.<br>• ബാങ്കുകളിൽ അടച്ച പലിശ റീ ഇംബേഴ്സ് ചെയ്തു മാത്രമേ തുക നൽകുകയുള്ളൂ. മുടക്കം വരുത്തിയ തവണകൾക്ക് സബ്സിഡി നൽകുന്നതല്ല<br>• പരമാവധി 3 വർഷം വരെ മാത്രമേ ഒരു സംഘത്തിന് പലിശ സബ്സിഡി ലഭിക്കാൻ അർഹതയുള്ളൂ.<br>• അനുവദിക്കുന്ന അധികാരി: വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കണം | ആദ്യവർഷം 100 ശതമാനം ( പരമാവധി 3000/- രൂപ)<br>രണ്ടാം വർഷം 75 ശതമാനം<br>മൂന്നാം വർഷം 50 ശതമാനം |

# ആശുപത്രി  സഹകരണ സംഘങ്ങൾ

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **6. ആശുപത്രി സഹകരണ സംഘങ്ങൾ- (ഓഹരി മൂലധനം)** | ജി.ഒ (എം.എസ്) നമ്പർ 423/80/എ.ഡി തീയതി 04.11.1980<br>ജി.ഒ (എം.എസ്) നമ്പർ 455/80/എ.ഡി തീയതി 27.11.1980<br>ജി.ഒ (എം.എസ്) നമ്പർ 195/81/എ.ഡി തീയതി 27.05.1981<br>ജി.ഒ (എം.എസ്) നമ്പർ 175/98/സഹ തീയതി 16.12.1998<br>ജി.ഒ (എം.എസ്) നമ്പർ 109/14/സഹ തീയതി 18.09.2014 | • ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | **പരമാവധി 20 ലക്ഷം രൂപ**<br><br>(അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി മൂലധന അനുപാതം 1:5) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **7. സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി** | ജി.ഒ (ആർ.റ്റി) നമ്പർ 641/82/എ.ഡി തീയതി 08.03.1982<br>ജി.ഒ (എം.എസ്) നമ്പർ 96/2000/സഹ തീയതി 20.06.2000<br>ജി.ഒ (എം.എസ്) നമ്പർ 43/2012/സഹ തീയതി 31.03.2012 | • ജില്ലാതലത്തിലുള്ള ആശുപത്രി സംഘങ്ങൾക്ക് 2 ആംബുലൻസ് വാനുകൾ വാങ്ങുന്നതിനും മറ്റ് ആശുപത്രികൾക്ക് ഒരു വാൻ വാങ്ങുന്നതിനും മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ.<br>• ധനസഹായം ഉപയോഗിച്ചു വാങ്ങുന്ന ആംബുലൻസ് വാൻ അടുത്ത 5 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | ആംബുലൻസിന്റെ വിലയുടെ 50 ശതമാനം അല്ലെങ്കിൽ **10 ലക്ഷം രൂപ** ഇതിലേതാണോ കുറവ് |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **8. ആശുപത്രി സംഘങ്ങൾക്ക് രോഗനിർണ്ണയത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ /യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം** | ജി.ഒ (എം.എസ്) നമ്പർ 808/2010/സഹ തീയതി 29.12.2010<br>ജി.ഒ (എം.എസ്) നമ്പർ 44/2016/സഹ തീയതി 20.01.2010<br>ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018 | • സംഘത്തിൽ ഫുൾടൈം പെയ്ഡ് തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും ഭരണസമിതിയും ഉണ്ടായിരിക്കണം.<br>• ബൈലാ വ്യവസ്ഥയുണ്ടായിരിക്കണം.<br>• 10 ലക്ഷം രൂപ വരെയുള്ള ധനസഹായത്തിന് പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ/യന്ത്രങ്ങൾ ഹൈപ്പോത്തിക്കേറ്റ് ചെയ്തിരിക്കണം.<br>• 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ധനസഹായത്തിന് പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ/യന്ത്രങ്ങൾ എന്നിവ പണയപ്പെടുത്തുന്നതോടൊപ്പം വസ്തുവകകൾ പണയപ്പെടുത്തുകയും വേണം.<br>• അനുവദിക്കുന്ന അധികാരി: വർക്കിംഗ് ഗ്രൂപ്പ് | 75 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിൻറെ 80 ശതമാനം ഏതാണോ കുറവ്.<br><br>സബ്സിഡി- പ്രോജക്ട് കോസ്റ്റിന്റെ 15%<br>ഓഹരി- പ്രോജക്ട് കോസ്റ്റിന്റെ 15%<br>വായ്പ- പ്രോജക്ട് കോസ്റ്റിന്റെ 40%<br>സ്വന്തം ഫണ്ട്-പ്രോജക്ട് കോസ്റ്റിന്റെ 30% |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
| --- | --- | --- | --- |
| **9. ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് ധനസഹായം** | ജി.ഒ (എം.എസ്) നമ്പർ 15/2013/സഹ തീയതി 29.01.2013<br>ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018 | • മെഡിക്കൽ ലബോറട്ടറി/ബ്ലഡ് ബാങ്ക്, സർക്കാർ പങ്കാളിത്തത്തോടുകൂടി സ്ഥാപിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടാകണം.<br>• പ്രോജക്ട് കോസ്റ്റിൻറെ 20% സംഘം വഹിക്കണം.<br>• മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം.<br>• തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം. വായ്പാ തുകയ്ക്ക് ആസ്തി പണയപ്പെടുത്തണം (ഫോറം - സി)<br>• ഓഹരി തുകയ്ക്ക് ഓഹരി സർട്ടിഫിക്കറ്റ്/എഗ്രിമെൻ്റ് (ഫോറം-D)<br>• സബ്സിഡി തുകയ്ക്ക് (ഫോറം ബി-യിൽ എഗ്രിമെൻ്റ്)<br>• ആശുപത്രി ഉപകരണങ്ങളുടെ പർച്ചേസ് തീയതി മുതൽ 30 ദിവസത്തിനകം ധനസഹായമായി നൽകിയ തുകയിൽ കുറയാത്ത തുകയ്ക്ക് സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെൻ്റ്/പബ്ലിക്ക് സെക്ടർ കമ്പനിയിൽ നിന്ന് ഇൻഷുർ ചെയ്യേണ്ടതാണ്.<br>• അനുവദിക്കുന്ന അധികാരി: രജിസ്ട്രാറുടെ ശുപാർശയോടുകൂടി സർക്കാരിലേയ്ക്ക് അയയ്ക്കുന്നതും സർക്കാർ അനുവദിക്കുന്നതുമാണ്. | പ്രോജക്ട് കോസ്റ്റിൻറെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ ഏതാണോ കുറവ്.<br><br>സബ്സിഡി-പ്രോജക്ട് കോസ്റ്റിന്റെ 20%<br>ഓഹരി-പ്രോജക്ട് കോസ്റ്റിന്റെ 20%<br>വായ്പ-പ്രോജക്ട് കോസ്റ്റിന്റെ 40% |

# പലവക സഹകരണ സംഘങ്ങൾ

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **10. പലവക സംഘങ്ങൾ- ഓഹരി മൂലധനം** | ജി.ഒ (എം.എസ്) നമ്പർ 808/2010/സഹ തീയതി 29.12.2010<br>ജി.ഒ (എം.എസ്) നമ്പർ 44/2016/സഹ തീയതി 20.01.2010<br>ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018 | • കുറഞ്ഞത് 250 അംഗങ്ങൾ ഉണ്ടായിരിക്കണം<br>• ആകെ അംഗങ്ങളുടെ 90% ൽ കുറയാതെയുള്ള അംഗങ്ങൾ സംഘം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങളിൽ നിന്നും നേരിട്ട് ഗുണം ലഭിക്കുന്നവരും, പ്രത്യേക വ്യവസായം/ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും ആകണം.<br>• സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ബൈലായിൽ ഉണ്ടായിരിക്കണം.<br>• ആകെയുള്ള അംഗങ്ങളുടേയോ ഭരണ സമിതി അംഗങ്ങളുടേയോ 2/3 ൽ കുറയാതെയുള്ളവർ സംഘം ഏറ്റെടുത്തിട്ടുള്ള വ്യവസായത്തിൽ ഏർപ്പെട്ടവരോ യഥാർത്ഥ തൊഴിലാളികളോ ആയിരിക്കണം.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിൻറെ 3 ഇരട്ടി വരെ (പരമാവധി 300000/- രൂപ)<br><br>(അംഗങ്ങളുടെയും സർക്കിരന്റേയും ഓഹരികൾ തമ്മിലുള്ള അനുപാതം 1:3) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **11. പലവക സംഘങ്ങൾ- വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ്** | ജി.ഒ (എം.എസ്) നമ്പർ 6/2020/സഹ തീയതി 09.02.2020 | • സഹകരണ സംഘം രജിസ്ട്രാർ തെരഞ്ഞെടുത്ത സംഘത്തിനാണ് ധനസഹായം അനുവദിക്കുന്നത്.<br>• ഭരണസമിതി തീരുമാനം ധനസഹായമായി അനുവദിക്കേണ്ട തുകയുടെ വിവരം ഏത് പദ്ധതിക്കാണ് ധന സഹായത്തിന് അപേക്ഷിച്ചിരിക്കുന്നത് എന്ന വിവരം<br>• സ്ഥിരം പൈഡ് സെക്രട്ടറി ഉണ്ടായിരിക്കണം<br>• വ്യക്തവും വിശദവുമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരിക്കണം.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ്<br>(പരമാവധി 500000/- രൂപ) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **1. PACS ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതി (കമ്പ്യൂട്ടർ വൽക്കരണം, സാങ്കേതികവിദ്യ ഉയർത്തൽ, ആധുനിക ഉപകരണങ്ങൾ വാങ്ങൽ)** | (i) സ.ഉ.(കൈ) നം.33/2018/സഹ തീയതി: 23/08/2018<br><br>(ii) സ.ഉ.(കൈ) നം.20/2025/Co-Op തീയതി: 29/09/2025 (ഭേദഗതി) | • സഹകരണ സംഘം രജിസ്ട്രാർ തിരഞ്ഞെടുക്കുന്ന സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹത.<br>• ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ഒരു സംഘത്തിന് ഒരു തവണ മാത്രമേ ലഭിക്കുകയുള്ളൂ.<br>• സംഘത്തിൽ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറിയും/ചീഫ് എക്സിക്യൂട്ടീവും തെരഞ്ഞെടുത്ത ഭരണസമിതിയും ഉണ്ടായിരിക്കണം.<br>• സംഘം അഴിമതിരഹിതവും കുടിശ്ശികരഹിതവുമാണെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തണം.<br>• ധനസഹായത്തിനുള്ള അനുപാതം വായ്പ, ഓഹരി, സബ്സിഡി ക്രമത്തിൽ 2:1:1 ആയിരിക്കും (സ.ഉ.(കൈ) നം.20/2025 പ്രകാരമുള്ള ഭേദഗതി).<br>• പ്രോജക്ട് കോസ്റ്റിന്റെ 10% തുക സംഘം സ്വന്തമായി സ്വരൂപിക്കേണ്ടതാണ്. | പ്രാഥമിക സംഘങ്ങൾക്ക്: 3,00,000/- രൂപ വരെ (അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ്) 150000:75000:75000<br><br>അപെക്സ് / ഫെഡറൽ സംഘങ്ങൾക്ക്: 10,00,000/- രൂപ വരെ (അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ്) |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| **12. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ** | ജി.ഒ (ആർ.റ്റി) നമ്പർ 48/2014/സഹ തീയതി 22.04.2014 | • കുറഞ്ഞത് 200 അംഗങ്ങൾ ഉണ്ടായിരിക്കണം<br>• ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം<br>• ഫുൾ ടൈം സെക്രട്ടറി ഉണ്ടായിരിക്കണം<br>• 3 ലക്ഷം രൂപയിൽ ഉണ്ടായിരിക്കണം. കുറയാത്ത ഓഹരി മൂലധനം<br>• ആഡിറ്റ് ക്ലാസിഫിക്കേഷൻ എ/ബി ആയിരിക്കണം<br>• 3 വർഷം കൊണ്ട് 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സംഘം ഏറ്റെടുത്തിരിക്കുകയോ കുറഞ്ഞത് 200 അംഗങ്ങൾക്ക് ജോലി നൽകുകയോ ചെയ്തിരിക്കണം.<br>• ധനസഹായമായി 5 ലക്ഷം രൂപയോ അംഗങ്ങളിൽ നിന്നും പിരിഞ്ഞെടുത്ത ഓഹരി മൂലധനത്തിൻറെ മൂന്നിരട്ടിയിലധികമോ ആകാൻ പാടില്ല. സംഘത്തിന് മുൻകാലങ്ങളിൽ അനുവദിച്ച സർക്കാർ ഓഹരി മൂലധനത്തിൻറെ ബാക്കി നില്പ് കൂടി കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നത്.<br>• ഫോറം എ-യിൽ ജില്ലാ ജോയിൻറ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം.<br>• അംഗങ്ങളുടെയും സർക്കാരിൻറെയും ഓഹരികൾ തമ്മിലുള്ള അനുപാതം 1 : 3 ആയി നിലനിർത്തിക്കൊള്ളാമെന്നുള്ള ഭരണസമിതി തീരുമാനം ഉണ്ടായിരിക്കണം.<br>• അനുവദിക്കുന്ന അധികാരി: സഹകരണ സംഘം രജിസ്ട്രാർ | ഓഹരി മൂലധനം (പരമാവധി 500000/- രൂപ) |

# വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| 1. സർക്കാർ ധനസഹായം (ഓഹരി സബ്സിഡി ) | ജി.ഒ.(ആർ.ടി) 580/2011/സഹ തീയതി: 24..10..2011 | • തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം<br>• ഫുൾ-ടൈം സെക്രട്ടറി ഉണ്ടായിരിക്കണം<br>• വാർഷിക പൊതുയോഗം ക്രമമായി കൂടിയിരിക്കണം<br>• ഗവൺമെന്റിലേക്ക് കുടിശ്ശിക ഉണ്ടായിരിക്കരുത്<br>• സംഘം അഴിമതി വിമുക്തമായിരിക്കണം<br>• ഓഡിറ്റ് ക്ലാസിഫിക്കേഷൻ **സി-**യിൽ കുറയരുത്<br>• ബൈലോയിൽ സർക്കാർ ധനസഹായം വാങ്ങുന്നതിന് വ്യവസ്ഥയുണ്ടായിരിക്കണം<br>• തുക പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപ അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 50%<br>• സബ്സിഡിയും ഓഹരിയും ആയി **2 : 1** എന്ന അനുപാതത്തിലാണ് ധനസഹായം നൽകുന്നത് | **പരമാവധി 20 ലക്ഷം രൂപയോ പദ്ധതി ചെലവിന്റെ 50 ശതമാനമോ (ഏതാണോ കുറവ് അത്)**<br><br>**1:2** എന്ന അനുപാതത്തിൽ ഓഹരിയായും സബ്സിഡിയായും ധനസഹായം അനുവദിക്കുന്നതാണ്. |

**20. സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം (വിഹിതം: 340.00 ലക്ഷം രൂപ)**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനം. | 340.00 |
| 2 | പുതിയ ഔട്ട് ലെറ്റുകൾ/മാളുകൾ സ്ഥാപിക്കൽ. | |
| 3 | നിലവിലുള്ള ഔട്ട് ലെറ്റുകളുടെ ആധുനികവൽക്കരണം. | |
| 4 | സഹകരണ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം. | |
| **ആകെ** | | **340.00** |

| പദ്ധതി | സർക്കാർ ഉത്തരവ് | മാനദണ്ഡങ്ങൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|
| 1. ഉൽപ്പാദനം വിതരണം കയറ്റുമതി | | ▪ സംഘത്തിൽ സർക്കാർ ഓഹരിക്ക് വ്യവസ്ഥ ഉണ്ടാക്കണം.<br>▪ പോസിറ്റീവ് നെത്വര്ത്ത് വേണം<br>▪ വ്യക്തിഗത ഓഹരി മൂലധനം 10 ലക്ഷം ഉണ്ടാകണം<br>▪ ഭരണസമിതിയുടെ ഉണ്ടായിരിക്കണം<br>▪ ധനസഹായത്തിനുള്ള അപേക്ഷയും, ധനസഹായത്തിനുള്ള തുകയുടെയും നിബന്ധനകളുടെയും വിവരങ്ങളും ആയത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിക്കുന്നുള്ള ഭരണസമിതി തീരുമാനം.<br>▪ സംഘത്തിലേക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.<br>▪ അഴിമതി വിമുക്തമാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.<br>▪ **പ്രോജക്ട് റിപ്പോർട്ട്,**<br>▪ **ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്,** | സബ്സിഡി- 20%<br>ഓഹരി - 30%<br>വായ്പ - 40%<br>സംഘം ഫണ്ട് – 10% |

## സർക്കാരിലേയ്ക്ക് തുക അടയ്ക്കേണ്ട ശീർഷകങ്ങൾ

| ഇനം | | ശീർഷകം |
|---|---|---|
| ആഡിറ്റ് ഫീസ് | | 0425-101-99 |
| ആർബിട്രേഷൻ ഫീസ് | | 0425-800-98 |
| ലിക്വിഡേഷൻ ചാർജ്ജ് | | 0425-800-97 |
| കെ.എസ്. ആർ. കോസ്റ്റ് | | 0425-800-96 |
| അപ്പീൽ/റിവിഷൻ ഫീസ് | | 0425-800-95 |
| രജിസ്ട്രേഷൻ ഫീസ് | | 0425-800 -94 |
| ഇലക്ഷൻ ഫീസ് | | 0425-501-99 |
| മറ്റിനങ്ങൾ | | 0425-800-93 |
| LS&PC | | 0071-01-101-96 |
| Guarantee fees | | 0075-00-108-99 |
| ഓഹരി | Circular No.81/2013 | 4000-01-105-99 |
| വായ്പ | | തുക അനുവദിച്ച ശീർഷകം |
| പലിശ/പിഴപ്പലിശ (വായ്പ,ഓഹരി) | | 0049-04-195-97-other co-op |
| | | 0049-04-195-98-land mortgage bank |
| | | 0049-04-195-99-Coir co-op |
| ഡിവിഡന്റ് | | 0050-200-98-(02) |
| വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കേണ്ട ശീർഷകം (സർക്കാരിന്റെ 02.12.2018 ലെ ബി3/444/2018/സഹ.നമ്പർ കത്ത് പ്രകാരം അറിയിച്ചത്) | | |
| തുക അനുവദിച്ച സാമ്പത്തിക വർഷമാണെങ്കിൽ അനുവദിച്ച ശീർഷകത്തിൽ തന്നെ തിരിച്ചടയ്ക്കണം. സാമ്പത്തിക വർഷം കഴിഞ്ഞാൽ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിൽ തിരിച്ചടയ്ക്കാവുന്നതാണ്. | | |
| സബ്സിഡി/ഗ്രാന്റ് | | 2425-911-99 |
| വായ്പ | | തുക അനുവദിച്ച ശീർഷകം |
| ഓഹരി | | ഏത് ശീർഷകത്തിലാണോ തുക അനുവദിച്ച് നൽകിയത് ആയതിന്റെ മൈനർ ഹെഡിന് കീഴിൽ 'sub head 05' എന്ന ശീർഷകത്തിൽ |

# THANK YOU

File No.Co-Op-B3/444/2018-Co-Op

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സഹകരണ (ബി) വകുപ്പ്

നമ്പർബി3/444/2018/സഹ

02/12/2018,തിരുവനന്തപുരം

സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ,

തിരുവനന്തപുരം

സർ,

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ധനസഹായങ്ങൾ - വിനിയോഗിക്കാത്ത തുക തിരിച്ചടക്കുന്ന ശീർഷകം - സംബന്ധിച്ച്

സൂചന:- 01/11/2018 ലെ താങ്കളുടെ ഫിൻ എ(2)5726/18 നം കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അതാത് സാമ്പത്തിക വർഷം തന്നെ തുക തിരിച്ചടക്കുന്ന പക്ഷം തുക അനുവദിച്ച ശീർഷകത്തിൽ തിരിച്ചടക്കേണ്ടതും. നടപ്പ് സാമ്പത്തിക വർഷം കഴിഞ്ഞതാൽ സബ്സിഡി/ഗ്രാന്റിന്റെ കാര്യത്തിൽ 2425-911-99- അധികം അടച്ച തുക വസൂലാക്കൽ എന്ന ശീർഷകത്തിലും , മൂലധന ശീർഷകങ്ങളുടെ കാര്യത്തിൽ ഏത് ശീർഷകത്തിലാണോ തുക അനുവദിച്ച് നൽകിയത് ആയതിന്റെ മൈനർ ഹെഡിന് കീഴിൽ 'sub head 05' ( DEDUCT RECEIPTS AND RECOVERIES ON CAPITAL ACCOUNT ) എന്ന ശീർഷകത്തിലും തുക തിരിച്ചടക്കാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

P.S.RAJESH

ADDITIONAL SECRETARY

സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ